## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5470** **25.10.2011- ൽ മറുപടിനൽകേണ്ടത്.**

# കോടതി സ്റ്റേ നീക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂ വകുപ്പുമന്ത്രി |
| (എ) റവന്യൂ രേഖയിലുള്ള ഗ്രാമീണ റോഡുകൾ കൈയ്യേറി കൈവശം വയ്ക്കുകയും, കോടതിയിൽ സ്റ്റേ കൊടുത്ത് റോഡുപ്രവർത്തനത്തിന് തടസ്സം നിൽക്കുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇത്തരത്തിൽ കോടതി സ്റ്റേ നീക്കുന്നതിനും, കയ്യേറിയ സ്ഥലം തിരിച്ചുപിടിക്കുന്നതിനുമായി സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ? | (ബി) കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന്റെ റവന്യൂ രേഖയിലുള്ള ഗ്രാമീണ റോഡുകൾ ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ വരുന്നതാണ്. ഈ വിഭാഗത്തിലുള്ള റോഡുൾപ്പെടെയുള്ള സർക്കാർ ഭൂമി കൈയ്യേറ്റങ്ങൾ പഞ്ചായത്ത് സെക്രട്ടറിമാരാണ് ഒഴിപ്പിക്കേണ്ടതെന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളതാണ്. ഇതിലുണ്ടായേക്കാവുന്ന നിയമപ്രശ്നം കണക്കിലെടുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിന് കീഴിൽ കൊണ്ടുവന്ന് 'കളക്ടറുടെ' പൂർണ്ണ അധികാരങ്ങൾ നൽകുന്നതിന് സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ